2024 JULY 15 MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com




# പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവത്കരിക്കാൻ കേന്ദ്ര സർക്കാർ

**ന്യൂഡൽഹി:** രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ സ്വകാര്യവത്കരണത്തിനൊരുങ്ങി കേന്ദ്ര സർക്കാർ. ഇതിനായി ബാങ്കിങ് റെഗുലേഷൻ ആക്റ്റിലും മറ്റു ചില അനുബന്ധ നിയമങ്ങളിലും മാറ്റം വരുത്തും. പൊതുമേഖലാ ബാങ്കുകളിലെ സർക്കാറിൻറെ ഓഹരി പങ്കാളിത്തം 51 ശതമാനത്തിൽ നിന്നും താഴെയാക്കാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. പൊതുമേഖലാ ബാങ്കുകളിലെ ഓഹരി വിൽപനയിലൂടെ അധിക തുക സ്വരൂപിക്കാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

ബാങ്കിങ് റെഗുലേഷൻ ആക്റ്റിനു പുറമേ 1970, 1980 വർഷങ്ങളിലെ ബാങ്കിങ് കമ്പനീസ് ആക്റ്റിലും സർക്കാർ ഭേദഗതി വരുത്തും. പൊതുമേഖലാ ബാങ്കുകളുടെ സ്വകാര്യവത്കരണത്തിന് ഇത് അനിവാര്യമാണ്. 2021ൽ ധനമന്ത്രി നിർമല സീതാരാമൻ ഈ നിയമങ്ങളിൽ ഭേദഗതി നിർദേശിച്ചിരുന്നു. പാർലമെൻറിൻറെ ശൈത്യകാല സമ്മേളനത്തിനിടെയായിരുന്നു ശുപാർശ. 2021ലെ കേന്ദ്ര ബജറ്റിലും ബാങ്കുകളുടെ സ്വകാര്യവത്കരണം നയമായി കേന്ദ്ര സർക്കാർ അവതരിപ്പിച്ചിരുന്നു. എന്നാൽ, അന്ന് നിയമങ്ങളുടെ ഭേദഗതി നടന്നിരുന്നില്ല.

2020 ഏപ്രിലിൽ 10 പൊതുമേഖല ബാങ്കുകൾ കേന്ദ്ര സർക്കാർ നാലാക്കി ചുരുക്കിയിരുന്നു. 2017ൽ 27 ബാങ്കുകൾ 12 ആക്കി മാറ്റുകയും ചെയ്തു. ലയനത്തിലൂടെയും മറ്റുമാണ് ബാങ്കുകളുടെ എണ്ണം കുറച്ചത്. യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യയും ഓറിയന്റൽ ബാങ്ക് ഓഫ് കോമേഴ്സും പഞ്ചാബ് നാഷണൽ ബാങ്കിൽ ലയിച്ച് പുതിയ സ്ഥാപനം നിലവിൽ വരികയും അത് ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ബാങ്കാവുകയും ചെയ്തിരുന്നു. സിൻഡിക്കേറ്റ് ബാങ്ക് കാനറ ബാങ്കിൽ ലയിച്ചപ്പോൾ അലഹബാദ് ബാങ്ക് ഇൻഡ്യൻ ബാങ്കിലാണ് ലയിച്ചത്. ആന്ധ്ര ബാങ്കും കോർപ്പറേഷൻ ബാങ്കും യൂണിയൻ ബാങ്കിൽ ലയിക്കുകയും ചെയ്തു.

2019ൽ ബാങ്ക് ഓഫ് ബറോഡയും ദേന ബാങ്കും വിജയ ബാങ്കിൽ ലയിച്ചു. 2017 ഏപ്രിലിൽ എസ്ബിഐ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കം അതിൻറെ 5 അസോസിയേറ്റ് ബാങ്കുകളെ ലയിപ്പിച്ചിരുന്നു.

ഈ മാസം 23നാണ് ധനമന്ത്രി നിർമല സീതാരാമൻ കേന്ദ്ര ബജറ്റ് അവതരിപ്പിക്കുന്നത്. അതിൽ ഇതു സംബന്ധിച്ച പ്രഖ്യാപനം വന്നേക്കുമെന്നാണു സൂചന.



## വിഴിഞ്ഞത്തേക്ക് രണ്ടാം ചരക്ക് കപ്പലെത്തുന്നു; പുറംകടലിൽ നങ്കൂരമിട്ടു

**വിഴിഞ്ഞം:** ട്രയൽ റൺ പുരോഗമിക്കുന്ന വിഴിഞ്ഞം തുറമുറഖത്ത് ഇന്ന് രണ്ടാമത്തെ ചരക്ക് കപ്പലെത്തും. മറീൻ അസർ എന്ന ഫീഡർ കപ്പലാണ് കൊളൊംബോയിൽ നിന്ന് വിഴിഞ്ഞത്തേക്ക് എത്തുന്നത്.

കപ്പൽ തുറമുഖത്തിൻറെ പുറംകടലിൽ നങ്കൂരമിട്ടിട്ടുണ്ട്. വിഴിഞ്ഞത്ത് ആദ്യമെത്തിയ സാൻ ഫർണാണ്ടോ മടങ്ങിയതിന് ശേഷമായിരിക്കും ബർത്തിംഗ്. ഉച്ചയ്ക്ക് ഒന്നോടെ സാൻ ഫെർണാണ്ടോ കപ്പൽ തുറമുഖം വിടും.

സാൻ ഫെർണാണ്ടോയിൽ നിന്ന് ആകെ 1930 കണ്ടെയ്നറുകളാണ് തുറമുഖത്ത് ഇറക്കിയത്. ഇതിൽ 607 കണ്ടെയ്നറുകൾ തിരികെ കപ്പലിലേക്ക് കയറ്റി റീപൊസിഷൻ ചെയ്യുന്ന ജോലികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. ഇതിന് ശേഷമാകും കപ്പലിൻറെ മടക്കം.

# അടച്ചുപൂട്ടൽ ഭീഷണിയിൽ കേരളത്തിലെ 19 പൊതുമേഖലാ സ്ഥാപനങ്ങൾ

**തിരുവനന്തപുരം:** സംസ്ഥാനത്ത് നഷ്ടത്തിലാണെന്ന് കണ്ടെത്തിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ 19 എണ്ണം പ്രവർത്തനരഹിതമോ പൂട്ടേണ്ടതോ ആയ സ്ഥിതിയിലാണെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിൻറെ (സിഎജി) കണ്ടെത്തൽ. ഇവയുടെ പ്രവർത്തനം അവസാനിപ്പിക്കാൻ സർക്കാർ നടപടിയെടുക്കണം. തൃപ്തികരമല്ലാത്ത സ്ഥാപനങ്ങളുടെ പ്രകടനം കൃത്യമായി വിലയിരുത്തണം. ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥത മൂലം നഷ്ടത്തിലുള്ളവ സ്ഥാപനങ്ങളുടെ മൂല നഷ്ടകാരണം കണ്ടെത്തണം. സുസ്ഥിരമായ പ്രവർത്തനം കാഴ്ചവയ്ക്കാനാവില്ലെങ്കിൽ അടച്ചുപൂട്ടണം റിപ്പോർട്ടിൽ പറയുന്നു.



ആകെയുള്ള 131 പൊതുമേഖലാ സ്ഥാപനങ്ങളിൽ 63 സ്ഥാപനങ്ങളും നഷ്ടത്തിലാണെന്ന് റിപ്പോർട്ടിൽ സിഎജി വ്യക്തമാക്കിയിരുന്നു. 2022 വരെയുള്ള 5 വർഷക്കാലയളവിൽ 63 സ്ഥാപനങ്ങളിലായി 4,065.38 കോടിയുടെ നഷ്ടമുണ്ടായി. 55 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായാണ് പ്രവർത്തിക്കുന്നത്. 55 സ്ഥാപനങ്ങളും കൂടി 654.99 കോടി രൂപയുടെ ലാഭം ഉണ്ടാക്കി. 4 സ്ഥാപനങ്ങൾ ലാഭമോ നഷ്ടമോ ഉണ്ടാക്കിയില്ല. 9 സ്ഥാപനങ്ങൾ കണക്ക് നൽകിയില്ലെന്നും സിഎജി റിപ്പോർട്ടിൽ കുറ്റപ്പെടുത്തി.പൊതുമേഖലാ സ്ഥാപങ്ങളിൽ സർക്കാറിൻറെ മൊത്തം നിക്ഷേപം 20,439.04 കോടിയാണ്. ഇതിൽ 9,817.46 കോടി രൂപ ഓഹരി മൂലധനവും 10, 621.58 കോടി ദീർഘകാല വായ്പകളുമാണ്. 72 കമ്പനികളിൽ 6 കമ്പനികൾ ബോർഡിൽ സ്വതന്ത്ര ഡയറക്റ്റർമാരെയും 26 കമ്പനികൾ കുറഞ്ഞത് ഒരു വനിതാ ഡയറക്റ്ററെയും നിയമിച്ചു. 6 പൊതുമേഖലാ സ്ഥാപനങ്ങൾ സിഎസ്ആർ പ്രവർത്തനങ്ങൾക്കായി 11.82 കോടി രൂപ ചെലവഴിച്ചു. ഇതിൽ 52 ശതമാനം ക്ഷേമ പ്രവർത്തനങ്ങൾക്കും 27 ശതമാനം ആരോഗ്യപ്രവർത്തനങ്ങൾക്കുമാണ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

# അതിതീവ്ര മഴ: 7 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി

**തിരുവനന്തപുരം:** കനത്ത മഴയെ തുടർന്ന് കോഴിക്കോട്, കണ്ണൂർ, തൃശൂർ, മലപ്പുറം, കാസർകോട്, എറണാകുളം വയനാട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി. പ്രഫഷനൽ കോളജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ബാധകമായിരിക്കുമെന്ന് ജില്ലാ കലക്ടർമാർ അറിയിച്ചു. ജില്ലകളിലെ അങ്കണവാടികൾക്കും അവധി ബാധകമാണ്. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമുണ്ടാവില്ല. കാസർകോട് ജില്ലയിൽ കോളജുകൾ ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചു.



അതിതീവ്ര മഴ കണക്കിലെടുത്ത് മൂന്ന് ജില്ലകളിൽ തിങ്കളാഴ്ച റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് റെഡ് അലർട്ട്. തിങ്കളാഴ്ച എറണാകുളം, തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിൽ തീവ്രമഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കാലാവസ്ഥ മുന്നറിയിപ്പിൽ പറയുന്നു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ യെലോ അലർട്ടാണ്. ചൊവാഴ്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം ജില്ലകളിൽ യെലോ അലർട്ടും കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.



സൊസൈറ്റി ടുഡേ
SOCIETY TODAY



എറണാകുളം വൈ.എം.സി.എ.യുടെയും സ്പാറിങ്ങിന്റെയും ആഭിമുഖ്യത്തിൽ വൈ.എം.സി.എ.യിൽ നടക്കുന്ന ജില്ല സാംബോ ചാമ്പ്യൻഷിപ്പ് ഡോ.ടെറി തോമസ് എടത്തൊട്ടി, പ്രസിഡന്റ് വൈ.എം.സി.എ എറണാകുളം ഉദ്ഘാടനം ചെയ്യുന്നു.

# സാംബോ ചാമ്പ്യൻഷിപ്പ് ആരംഭിച്ചു

**കൊച്ചി:** എറണാകുളം വൈ.എം.സി.എ.യുടെയും സ്പാറിങ്ങിന്റെയും ആഭിമുഖ്യത്തിൽ വൈ.എം.സി.എ.യിൽ നടക്കുന്ന ജില്ല സാംബോ ചാമ്പ്യൻഷിപ്പ് ഡോ.ടെറി തോമസ് എടത്തൊട്ടി, പ്രസിഡന്റ് വൈ.എം.സി.എ എറണാകുളം ഉദ്ഘാടനം ചെയ്തു.

അബ്ദുൾലത്തീഫ്.എൻ, പ്രസിഡന്റ് സംസ്ഥാന സാംബോ അസോസിയേഷൻ മുഖ്യാഥിതിയായിരുന്നു. ഡോ. ബിജിത് ജോർജ് എബ്രഹാം, ചെയർമാൻ, സ്പോർട്സ് & ഗെയിംസ് കമ്മിറ്റി, മറ്റോ തോമസ് എന്നിവർ മത്സരങ്ങൾക്ക് നേതൃത്വം നൽകി.

ജില്ലയിൽ നിന്ന് ഈ കഴിഞ്ഞ വർഷം ദേശീയ മത്സരത്തിൽ പങ്കെടുത്ത സാംബോ താരങ്ങൾക്ക് അവാർഡുകൾ സിഎ. ഷോൺ ജെഫ് ക്രിസ്റ്റഫർ, ഹോൺ. ട്രഷറർ, ബക്സൺ.കെ.ആർ. ചെയർമാൻ, പ്രോഗ്രാം കമ്മിറ്റി എന്നിവർ ചേർന്ന് വിതരണം ചെയ്തു. ഇന്ന് നടക്കുന്ന ചാമ്പ്യൻഷിപ്പിൽ നിന്നും കോഴിക്കോട് വച്ച് നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിലേക്കുള്ള ജില്ലാ ടീമിനെ തെരഞ്ഞെടുക്കും. ജില്ലയിൽ നിന്നും 127 മത്സരാർത്ഥികൾ പങ്കെടുക്കുന്നുണ്ട്.

സിബു ചാർളി, സെക്രട്ടറി, ഡിസ്ട്രിക്ട് റെസ്‌ലിങ് അസോസിയേഷൻ, കിരൺ.വി.എസ്. ജില്ലാ പ്രസിഡന്റ്, സാംബോ അസോസിയേഷൻ എറണാകുളം, സജി എബ്രഹാം, അസോ.ജനറൽ സെക്രട്ടറി, ആൻറ്റോ ജോസഫ്, ജനറൽ സെക്രട്ടറി എന്നിവർ പ്രസംഗിച്ചു.



കേരളത്തിലെ പ്രമുഖ ബിൽഡറായ വർമ്മ ഹോംസിന്റെ തിരുവനന്തപുരം കഴക്കൂട്ടത്തുള്ള വർമ്മ സബർബന്റെ പണി പൂർത്തിയാക്കിയ സാമ്പിൾ അപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ നിർവഹിക്കുന്നു. പർച്ചേസ് സീനിയർ മാനേജർ രേഖ പ്രമോദ്, സെയിൽസ് ഓഫിസർ ചിത്ര എസ് കുമാർ, സപ്പോർട്ട് എൻജിനിയർ ആശ ഗംഗൻ, കസ്റ്റമർ കെയർ എക്സിക്യൂട്ടീവ് സ്വീറ്റി മിത്ര, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, ജി എം പ്രൊജക്ട്സ് ബിന്ദു നൈനാൻ എന്നിവർ സമീപം

## ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ടിന്റെ ദുരുപയോഗം:

# സർക്കാർ അടിയന്തര തിരുത്തൽ നടപടികൾ സ്വീകരിക്കണം; കെസിബിസി ജാഗ്രത കമ്മീഷൻ

**കൊച്ചി:** ജൂലൈ 11ന് നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട സിഎജി റിപ്പോർട്ടിലെ ന്യൂനപക്ഷ സ്കോളർഷിപ്പുകളെ സംബന്ധിക്കുന്ന കണ്ടെത്തലുകൾ (റിപ്പോർട്ട് നമ്പർ 3, സെക്ഷൻ സി, അധ്യായം 6) ഗൗരവമേറിയതാണ്. റിപ്പോർട്ട് പ്രകാരം 2017 2022 കാലയളവിൽ പലപ്പോഴായി പ്രീ, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിലും നടപടിക്രമങ്ങൾ പാലിക്കുന്നതിലും പ്രസ്തുത സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിലും കുറ്റകരമായ അനാസ്ഥയും നിർത്തരവാദിത്വപരമായ സമീപനവും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതൽ പൊതു, ഉന്നത വിദ്യാഭ്യാസ ഡയറക്ടർമാർ വരെ സ്വീകരിച്ചതായാണ് സിഎജി റിപ്പോർട്ട് വ്യക്തമാക്കുന്നത്. ആയിരക്കണക്കിന് വിദ്യാർഥികളുടെ അപേക്ഷകൾ തുടർ നടപടികൾക്ക് വിധേയമാക്കാത്തതും, ഒരു മതവിഭാഗത്തിലെ ഒരേ കുടുംബത്തിലെ രണ്ടിൽ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പുകൾ ലഭിക്കാനിടയായതും, വിവിധ സ്കോളർഷിപ്പുകൾ ഒരേ വിദ്യാർത്ഥിക്ക് തന്നെ ലഭിക്കുന്നതും, പെൺകുട്ടികൾക്കായുള്ള സി എച്ച് മുഹമ്മദ്കോയ സ്കോളർഷിപ്പ് ആൺകുട്ടികൾക്ക് ലഭിക്കാനിടയായതും ഗുരുതരമായ വീഴ്ചകളാണ്.

സ്കോളർഷിപ്പുകളുടെ നടപടിക്രമങ്ങളിലെ വീഴ്ചകൾക്ക് പുറമേ, ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്കായുള്ള ഫണ്ട് പൊതു വിദ്യാഭ്യാസ വകുപ്പ് വകമാറ്റി ചെലവഴിച്ചെന്നുള്ള കണ്ടെത്തലും ഗുരുതരമാണ്. നിയമാനുസൃത അനുമതികൾ പോലുമില്ലാതെ ലക്ഷക്കണക്കിന് രൂപ വകമാറ്റി ചെലവഴിച്ച ഇത്തരം നീക്കങ്ങൾ അത്യന്തം പ്രതിഷേധാർഹവും തിരുത്തപ്പെടേണ്ടതുമാണ്. വാഹനങ്ങൾ വാങ്ങുന്നതിനും, വാഹനങ്ങൾക്ക് വാടക നൽകുന്നതിനും, അലവൻസുകൾ നൽകുന്നതിനും മറ്റുമായി ന്യൂനപക്ഷ ഫണ്ട് ദുരുപയോഗം ചെയ്ത അതേ കാലയളവിൽ, ഫണ്ടില്ല എന്ന കാരണം പറഞ്ഞ് അർഹിക്കുന്ന അപേക്ഷകർക്ക് പോലും സ്കോളർഷിപ്പുകൾ നിഷേധിക്കുന്ന അവസ്ഥയുണ്ടായിരുന്നു എന്നതും ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്.

തന്നെയുമല്ല, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പിൽ നടന്നതുപോലെ തന്നെയുള്ള ഒട്ടേറെ കൃത്രിമങ്ങളും, സാമ്പത്തിക അതിക്രമങ്ങളും പിന്നാക്ക വിഭാഗങ്ങളിൽ പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുമായും ബന്ധപ്പെട്ട് നടന്നിട്ടുണ്ട് എന്ന റിപ്പോർട്ടിലെ കണ്ടെത്തലുകൾ (റിപ്പോർട്ട് നമ്പർ 3, സെക്ഷൻ, അധ്യായം 25) പൊതു സമൂഹത്തിന്റെ മനസാക്ഷിയെ ഉണർത്തേണ്ടതാണ്.

ന്യൂനപക്ഷങ്ങൾക്കും, മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതികളിൽ കൃത്രിമം കാണിക്കുകയും, ഭരണഘടനാ ലംഘനങ്ങൾക്ക് മൗനാനുവാദം നൽകുകയും ചെയ്യുന്ന നയങ്ങൾ സർക്കാരോ ഏതെങ്കിലും സർക്കാർ വകുപ്പുകളോ, ഉദ്യോഗസ്ഥരോ സ്വീകരിക്കുന്നുണ്ടെങ്കിൽ അത് അപലപനീയവും തിരുത്തപ്പെടേണ്ടതുമാണ്. ഭരണഘടനാനുസൃതമായി അർഹതപ്പെട്ട ആനുകൂല്യങ്ങൾ പൗരൻമാർക്ക് ഉറപ്പുവരുത്തുന്നതിൽ സംഭവിക്കുന്ന വീഴ്ച അത്യന്തം ഗുരുതരവും കുറ്റകരവുമാണ്.

തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം, തുടർന്ന് ഇത്തരം വിഷയങ്ങളിൽ സുതാര്യമായ ഇടപെടലുകൾ ഉറപ്പുവരുത്താൻ സർക്കാർ ശ്രദ്ധ ചെലുത്തുകയും, സേവനങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. സ്കോളർഷിപ്പുകളുടെ ക്രിയാത്മകവും നിയമാനുസൃതവും സുതാര്യവുമായ നടത്തിപ്പിനായി നൽകിയിട്ടുള്ള ശുപാർശകൾ നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാവുകയും വേണം.

# സംസ്ഥാനത്തെ ആദ്യ ലീഫ്സ്റ്റൈൽ പാർപ്പിട പദ്ധതിക്ക് തറക്കല്ലിട്ടു

**തിരുവനന്തപുരം:** പ്ലോട്ടിന്റെ 75%വും ഓപ്പൺ സ്പേസായിവിട്ട് ഓക്സിജൻ പാർക്ക്, മിയാവാകി വനം തുടങ്ങിയ ലീഫ്സ്റ്റൈൽ സംവിധാനങ്ങളോടെ നിർമിക്കുന്ന സംസ്ഥാനത്തെ ആദ്യ പാർപ്പിട പദ്ധതിയായ അസറ്റ് ദി ലീഫിന് തിരുവനന്തപുരം കാര്യവട്ടത്ത് മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ ജോർജ് ജേക്കബ് മുത്തൂറ്റ്, അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ വി. സുനിൽ കുമാർ, കോർപ്പറേഷൻ കൗൺസിലർ എം ബിനു, ലൂർദ് മാതാ ചർച്ച് വികാരി ഫാദർ ജെറാർഡ് ദാസൻ എന്നിവർ ചേർന്ന് തറക്കല്ലിട്ടു. 2, 3 ബെഡ്റൂം ലക്ഷ്വറി അപ്പാർട്ട്മെന്റ് പദ്ധതിയായ അസറ്റ് ദി ലീഫിൽ അപ്പാർട്ട്മെന്റുകൾ ബുക്കു ചെയ്യുന്നവരെല്ലാം പ്ലോട്ടിൽ ഒരു മരം വീതം നട്ടുകൊണ്ടായിരിക്കും ബുക്കിംഗ് പൂർത്തിയാക്കുകയെന്ന് അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ വി. പറഞ്ഞു ഇവയുടെ പരിപാലനം അസറ്റ് ഹോംസ് ഏറ്റെടുക്കും. ചട്ടങ്ങൾ പാലിച്ചുള്ള ഗ്രീൻ സർട്ടിഫിക്കേഷനുപരി എല്ലാ അർത്ഥത്തിലും പ്രകൃതിയുമായി ഇണങ്ങിയുള്ള ജീവിതരീതിയാണ് അസറ്റ് ദി ലീഫിൽ വിഭാവനം ചെയ്യുന്നതെന്നും സുനിൽ കുമാർ പറഞ്ഞു. സംസ്ഥാനത്തെ ആദ്യ ഓക്സിജൻ പാർക്കിനു പുറമെ മിയാവാകി വനം, ആംഫി തീയറ്റർ, ഓപ്പൺ ജിം എന്നിവയും അസറ്റ് ദി ലീഫിന്റെ ഭാഗമാകും. വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കുന്ന വിധത്തിലാണ് പദ്ധതിയുടെ രൂപകൽപ്പന. ചൂട് പരമാവധി കുറവു മാത്രം ആഗിരണം ചെയ്യുന്ന പോറോതെർമ് ബ്രിക്കുകളാണ് നിർമാണത്തിലുപയോഗിക്കുക. സൂര്യപ്രകാശം കടത്തിവിടുന്ന രൂപകൽപ്പനയിലൂടെയും ഇന്ധനം ലാഭിക്കും. റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിനു പുറമെ ഉപയോഗിക്കുന്ന വെള്ളത്തിന്റെ 35% എങ്കിലും റീസൈക്കിൾ ചെയ്യുന്ന സംവിധാനവുമുണ്ടാകും.



തിരുവനന്തപുരം കാര്യവട്ടത്തെ അസറ്റ് ദി ലീഫിന്റെ തറക്കല്ലിടൽ ചടങ്ങിന്റെ ഭാഗമായി കോർപ്പറേഷൻ കൗൺസിലർ എം ബിനു, ലൂർദ് മാതാ ചർച്ച് വികാരി ഫാദർ ജെറാർഡ് ദാസൻ അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ വി. സുനിൽ കുമാർ, മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ ജോർജ് ജേക്കബ് മുത്തൂറ്റ് എന്നിവർ ചേർന്ന് വൃക്ഷത്തൈ നടുന്നു





# കുസാറ്റിൽ ബിരുദ സമർപ്പണവും അനുമോദനവും സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ റൂറൽ ക്യാമ്പസ്സായ കുട്ടനാട് എഞ്ചിനീയറിംഗ് കോളേജിൽ 202324 അദ്ധ്യയന വർഷം പഠനം പൂർത്തയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് സർവ്വകലാശാലയുടെ സെമിനാർ കോംപ്ലക്സിൽ വച്ച് നടന്നു.

ബിടെക് , എംസിഎ, ജവള എന്നീ വിഭാഗങ്ങളിലായി ഏകദേശം 250ഓളം വിദ്യാർത്ഥികൾക്കാണ് ബിരുദദാനം നടന്നത്.

വിവിധ വകുപ്പുകളിലുള്ള റാങ്ക് ജേതാക്കളേയും, മറ്റ് ഉന്നത മാർക്ക് നേടി വിജയിച്ചവരുടെ അനുമോദന വും നടന്ന ചടങ്ങിൽ ട്രെസ്റ്റ് സയൻസ് പാർക്ക് ചെയർമാനും എം.ജി സർവ്വകലാശാല മുൻ വൈസ് ചാൻസിലറും, നാനോ ശാസ്ത്രജ്ഞനുമായ ഡോ.സാബു തോമസ് മുഖ്യാതിഥിയായിരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ വൈസ് ചാൻസലറായ ഡോ.പി.ജി ശങ്കരൻ, രജിസ്ട്രാർ ഡോ.ശിവാനന്ദൻ ആചാരി, വിവിധ വകുപ്പുകളിലെ ഡീൻമാർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. കുട്ടനാട് ക്യാമ്പസ്സിലെ പ്രിൻസിപ്പാൾ ഡോ. ആശാലത നന്ദി പ്രകാശിപ്പിച്ചു.




**കേരള മാനേജ്മെന്റ് അസോസിയേഷന്റെ ലീഡർഇൻസൈറ്റ് ലെക്ചർ സീരിസിൽ ബി എസ് എൻ എൽ മുൻ ചീഫ് ജനറൽ മാനേജരും ടെലികോം ഡിപ്പാർട്ട്മെന്റ് മുൻ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ജനറലുമായ ഡോ. പി ടി മാത്യു സംസാരിക്കുന്നു. മാനേജിംഗ് കമ്മിറ്റി അംഗം ടോം പി ജോസഫ്, പ്രസിഡന്റ് ബിബു പുന്നൂരാൻ, ജോയിന്റ് സെക്രട്ടറി കെ അനിൽ വർമ എന്നിവർ സമീപം**

# ഇന്ത്യയിലെ വ്യത്യസ്ത മേഖലകളുടെ വികസനത്തിലെ നട്ടെല്ല് ടെലികോം വളർച്ച : ഡോ. പി ടി മാത്യു

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷന്റെ ലീഡർഇൻസൈറ്റ് ലെക്ചർ സീരിസിൽ ബി എസ് എൻ എൽ മുൻ ചീഫ് ജനറൽ മാനേജരും ടെലികോം ഡിപ്പാർട്ട്മെന്റ് മുൻ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ജനറലുമായ ഡോ. പി ടി മാത്യു സംസാരിച്ചു. ഇന്ത്യയിലെ ടെലികോം വിപ്ലവം എന്ന വിഷയത്തിലായിരുന്നു പ്രഭാഷണം.

ലോകത്തിലെ ഏറ്റവും വലുതിൽ രണ്ടാം സ്ഥാനത്തുള്ള ഇന്ത്യൻ ടെലികോം വികസനത്തിന്റെ കാര്യത്തിൽ അതിവേഗം മുമ്പോട്ടേക്ക് കുതിക്കുകയാണെന്ന് ഡോ. പി ടി മാത്യു പറഞ്ഞു. 2000ന് മുമ്പ് കേവലം ലാന്റ് ലൈനിൽ മാത്രമായിരുന്ന ഉപയോഗം വൻ കുതിച്ചു ചാട്ടമാണ് നടത്തിയത്. നേരത്തെ ചെമ്പ് കമ്പികൾ ഉപയോഗപ്പെടുത്തിയാണ് ടെലികോം സേവനങ്ങൾ നിർവഹിച്ചിരുന്നത്. നിലവിൽ ഇന്ത്യയുടെ ജി ഡി പിയുടെ 6.5 ശതമാനമാണ് ടെലികോം വിഭാഗത്തിൽ നിന്നും ലഭിക്കുന്നത്. അടുത്ത രണ്ട് വർഷത്തിനകം അത് എട്ട് ശതമാനമായി വർധിക്കും.

നാല് മില്യൻ ജോലികളാണ് ടെലികോം വിഭാഗത്തിൽ പുനഃസൃഷ്ടിക്കപ്പെടുന്നത്. 2.2 മില്യൻ പ്രത്യക്ഷമായും 1.8 മില്യൻ പരോക്ഷമായുമാണ് തൊഴിൽ സൃഷ്ടിക്കപ്പെടുക. ഇന്ത്യയിലെ പല സെക്ടറുകൾക്കും പിന്തുണയായി പ്രവർത്തിക്കുന്നതും ടെലികോം വിഭാഗമാണെന്നും അദ്ദേഹം പറഞ്ഞു.

109.9 കോടിയാണ് ഇന്ത്യയിലെ നിലവിലുള്ള ടെലികോം ഉപഭോക്താക്കൾ. മൊബൈൽ കമ്യൂണിക്കേഷൻ സെക്ടറിലുണ്ടായ കുതിച്ചു ചാട്ടത്തോടെ ഇന്ത്യയിലെ ഏകദേശം എല്ലാ ഭാഗത്തും ഫോൺ ലഭ്യതയായി. ഇന്റർനെറ്റ് ഉപഭോക്താക്കളിലും വലിയ വളർച്ചയാണ് ഉണ്ടായത്. ഓരോ ആയിരം പേർക്കും ഒരു ടവറെങ്കിലും ലഭ്യമാണെന്നാണ് പുതിയ കണക്ക്. ഒരു ഉപഭോക്താവിന് കേവലം 153 രൂപ മാത്രമാണ് ഇപ്പോൾ ടെലികോം ഉപയോഗത്തിന് ചെലവു വരുന്നത്. ലോകത്തിലെ ഏറ്റവും ചെലവു കുറഞ്ഞ ടെലികോം സൗകര്യമാണ് ഇന്ത്യയിലേത്.

കേരളത്തിലെടുത്താൽ നാലു കോടിയിലധികമാണ് സംസ്ഥാനത്തെ ടെലിഫോൺ ഉപഭോക്താക്കൾ. മാത്രമല്ല ഏകദേശം എല്ലാ ജനങ്ങളും ഇന്റർനെറ്റ് ഉപയോഗിക്കുന്നുണ്ട്. ഡൽഹിയാണ് കേരളത്തിന് പിറകിൽ ഇക്കാര്യത്തിൽ രണ്ടാം സ്ഥാനത്തുള്ളത്. പ്രതിദിനം ആറു മുതൽ ഏഴു മണിക്കൂർ വരെയാണ് ഡാറ്റ ഉപയോഗിക്കുന്നത്.

ആരോഗ്യരംഗം, കാർഷിക മേഖല, ടൂറിസം, സർക്കാർ സർവീസുകൾ, ട്രാൻസ്പോർട്ട് ആന്റ് ലോജിസ്റ്റിക്സ്, റീട്ടയിൽ ബിസിനസ്, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെല്ലാം ടെലികോം സൗകര്യങ്ങൾ ഉപയോഗിച്ചാണ് കുതിച്ചു ചാട്ടം നടത്തുന്നതെന്നും അദ്ദേഹം വിശദമാക്കി.

കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റി അംഗം ടോം പി ജോസഫ് സാഗതവും ജോയിന്റ് സെക്രട്ടറി അനിൽ വർമ നന്ദിയും പറഞ്ഞു.

INDKAL

# ഇന്ത്യയിൽ സ്മാർട്ട്ഫോൺ ബ്രാൻഡുമായി ഇൻഡ്കൽ ടെക്നോളോജിസ്

**തിരുവനന്തപുരം:** ടെക്നോളജി കമ്പനിയായ ഇൻഡ്കൽ ടെക്നോളജീസ് ഇന്ത്യയിൽ സ്മാർട് ഫോണുകൾ പുറത്തിറക്കുന്നു. ആഗോള ഐസിടി കമ്പനിയായ ഏയ്സർ ഇൻകോർപ്പറേറ്റഡുമായി സഹകരിച്ചാണ് പദ്ധതി.

2024 പകുതിയോടെ സ്മാർട്ട് ഫോൺ മോഡലുകളുടെ വിപുലമായ നിര വിപണിയിലെത്തും. അത്യന്താധുനിക ഹാർഡ് വെയറും നൂതന സോഫ്റ്റ് വെയർ സാങ്കേതിക വിദ്യയുമായി എത്തുന്ന പുതിയ സ്മാർട്ട് ഫോണുകൾ വിപണിയിൽ മികച്ച പ്രവർത്തനം കാഴ്ച്ചവയ്ക്കുമെന്ന് കമ്പനി പ്രത്യാശ പ്രകടിപ്പിച്ചു.



ആനന്ദ് ദുബെ

'മികച്ച രീതിയിൽ ഡിസൈൻ ചെയ്ത, ഉന്നത നിലവാരമുള്ള പ്രോസസ്സറുകളും മികവുറ്റ ക്യാമറാ സാങ്കേതിക വിദ്യയും പ്രീമിയം സവിശേഷതകളും ഉൾക്കൊള്ളുന്ന സ്മാർട്ട് ഫോണുകളുടെ വലിയ ഒരു നിരയാണ് ഉപഭോക്താക്കളിലേക്ക് എത്തുന്നതെന്ന് ഇൻഡ്കൽ ടെക്നോൾജീസിന്റെ സി ഇ ഒ ആനന്ദ് ദുബെ പറഞ്ഞു.

'ഏയ്സർ ബ്രാൻഡിനു കീഴിൽ സ്മാർട്ട് ഫോണുകളുടെ വിശാലമായ നിര ലഭ്യമാക്കുന്നതിലൂടെ ഇന്ത്യൻ വിപണിയിൽ ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഉൽപ്പന്നങ്ങൾ നൽകാൻ ഞങ്ങൾക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി," ഏയ്സർ ഇൻ കോർപ്പറേറ്റഡിന്റെ ഗ്ലോബൽ സ്ട്രാറ്റജിക് അലയൻസസ് വൈസ് പ്രസിഡന്റായ ജെയ്ഡ് ഷൂ പറഞ്ഞു.

15,000 രൂപക്കും 50,000 രൂപക്കുമിടയിൽ വിലവരുന്ന സ്മാർട്ട് ഫോൺ ശ്രേണിയിലായിരിക്കും പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലെത്തുന്നത്. സർക്കാരിന്റെ മെയ്ക്ക് ഇൻ ഇന്ത്യയുടെ പദ്ധതിയിലൂന്നി ഇന്ത്യയിലാകും നിർമ്മാണം. ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടേയും ഓഫ് ലൈൻ ചില്ലറ വ്യാപാര സ്റ്റോറുകളിലൂടേയും പുതിയ ബ്രാൻഡ് ലഭ്യമാകും.



സൊസൈറ്റി ടുഡേ
SOCIETY TODAY



# ആർത്രോസ്കോപ്പിക് സർജൻമാരുടെ സംസ്ഥാന സമ്മേളനത്തിന് തുടക്കം

**കോഴിക്കോട്:** അസോസിയേഷൻ ഓഫ് ആർത്രോസ്കോപ്പിക് സർജൻസ് ഓഫ് കേരളയുടെ ദ്വിവാർഷിക സമ്മേളനം, ആസ്കോൺ2024 ഹോട്ടൽ താജ് ഗേറ്റ്വേയിൽ ആരംഭിച്ചു.

കായിക രംഗത്തുള്ളവരുടെ പരിക്കുകൾക്ക് കൃത്യതയേറിയ നിർണ്ണയവും ചികിത്സയും നൽകുന്ന അത്യാധുനിക ആർത്രോസ്കോപ്പിക് ശസ്ത്രക്രിയാ രീതികൾ വിദഗ്ദ്ധർ ചർച്ച ചെയ്യും.

സമ്മേളനത്തിന്റെ ഉദ്ഘാടനം സ്റ്റേറ്റ് ട്രാൻസ്പോർട്ട് കമ്മീഷണർ എഡിജിപി ശ്രീജിത്ത് ഐപിഎസ് നിർവ്വഹിച്ചു. പരിക്കേറ്റ കായികതാരങ്ങളെ പൂർവ്വസ്ഥിതി പ്രാപിക്കാൻ സഹായിക്കുന്ന പുനരധിവാസ സാങ്കേതിക വിദ്യകളും ചികിത്സാ സൗകര്യങ്ങളും സാർവത്രികമാകണമെന്നും ആരോഗ്യ മേഖലയിൽ ഇതിനായി ഏകോപിതമായ പരിശ്രമം ഉണ്ടാവണമെന്നും ശ്രീജിത്ത് ഐപിഎസ് പറഞ്ഞു.

സ്പോർട്സ് മെഡിസിനിലെ ആധുനിക ശസ്ത്രക്രിയാ സാങ്കേതിക വിദ്യകളുടെയും പുനരധിവാസത്തിന്റെയും നേട്ടങ്ങളെ കുറിച്ച് പ്രശസ്ത മുൻ ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റൻ ഐ എം വിജയൻ, കളിക്കളത്തിലെ പരിക്കുകളെ കുറിച്ചുള്ള തന്റെ വ്യക്തിപരമായ അനുഭവങ്ങൾ പങ്കിട്ടുകൊണ്ട് വിശദീകരിച്ചു.നേരത്തെയുള്ള രോഗനിർണയത്തിനും ചികിത്സയ്ക്കുമായി ഓർത്തോപീഡിക് സർജന്മാരെ സമീപിക്കേണ്ടത് സുപ്രധാനമാണ്. പരിക്കുകൾ പരിഹരിക്കാനുള്ള ഏറ്റവും പുതിയ ശാസ്ത്രീയ രീതികളെക്കുറിച്ച് പൊതുജനാവബോധവും വളർത്തേണ്ടതുണ്ട്, ഐ എം വിജയൻ പറഞ്ഞു. കെ.ഒ.എ പ്രസിഡൻറ് ഡോ.അനീൻ നമ്പികുട്ടി, കോഴിക്കോട് മെഡിക്കൽ കോളേജ് ഓർത്തോപീഡിക് വിഭാഗം മുൻ ഡയറക്ടറും മേധാവിയുമായ പ്രൊഫ.എൻ.ജെ. മാണി; അസോസിയേഷൻ ഓഫ് ആർത്രോസ്കോപ്പിക് സർജൻസ് ഓഫ് കേരള (എഎഎസ്കെ) പ്രസിഡന്റ് ഡോ. ഷില്ലർ ടി ജോസ്, എഎഎസ്കെ സെക്രട്ടറി ഡോ. സുജിത് ജോസ്, ഷോൾഡർ ആൻഡ് എൽബോ സൊസൈറ്റി ഓഫ് കേരള പ്രസിഡന്റ് ഡോ. ജോൺ ടി ജോൺ, ഇന്ത്യൻ ആർത്രോസ്കോപ്പി സൊസൈറ്റി ജോയിന്റ് സെക്രട്ടറി ഡോ. രാജീവ് രമൺ ; ഡോ. സബിൻ വിശ്വനാഥ് , കാലിക്കറ്റ് ഓർത്തോപീഡിക് സൊസൈറ്റി പ്രസിഡന്റ് ഡോ.ജേക്കബ് മാത്യു, ഡോ.സിബിൻ സുരേന്ദ്രൻ, എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

കാൽമുട്ടിലെ പരിക്കുകളുടെ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ആർത്രോസ്കോപ്പിക് ടെക്നിക്കുകൾ ചർച്ച ചെയ്ത ശാസ്ത്ര സെഷനുകൾ ഒന്നാം ദിവസം ശ്രദ്ധേയമായി.അത്ലറ്റുകൾക്കും കായികമായ പ്രവർത്തി ചെയ്യുന്ന വ്യക്തികൾക്കും കാൽമുട്ടിലെ ലിഗമെന്റുകൾ പരിക്കുകൾ സാധാരണമാണെന്ന് ഓർഗനൈസിംഗ് ചെയർമാൻ ഡോ. ഷില്ലർ ജോസ് പറഞ്ഞു.ഇത്തരം പരിക്കുകൾ ചലനശേഷിയെയും ജീവിത നിലവാരത്തെയും സാരമായി ബാധിക്കും.താക്കോൽ ദ്വാര ശസ്ത്രക്രിയ വഴി കാൽമുട്ടിന്റെ ജോയിന്റിൽ ആർത്രോസ്കോപ്പ് എന്ന ഒരു ചെറിയ ക്യാമറ തിരുകുന്നതാണ് ആർത്രോസ്കോപ്പി. ഇത് സ്ക്രീനിൽ കാൽമുട്ടിന്റെ ഉൾഭാഗം ദൃശ്യവൽക്കരിക്കാനും പരുക്കിന്റെ വ്യാപ്തി തിരിച്ചറിയാനും, സങ്കീർണ്ണ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും സർജനെ സഹായിക്കുന്നു.

ആർത്രോസ്കോപ്പിക് നടപടിക്രമങ്ങൾക്ക് ഗുണങ്ങൾ നിരവധിയാണെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ.സുജിത് ജോസ് പറഞ്ഞു. കൃത്യമായ രോഗനിർണയവും ചികിത്സയും സാധ്യമാക്കുന്ന ഹൈഡെഫനിഷൻ ഇമേജുകളാണ് ആർത്രോസ്കോപ്പ് നൽകുന്നത്. കീറിമുറിക്കൽ ഇല്ലാത്തതിനാൽ വേഗം സുഖപ്പെടും. വേദന വളരെ കുറവുമാണ്. ആർത്രോസ്കോപ്പിയിലെയും ലിഗമെന്റ് പരിക്കുകൾ കൈകാര്യം ചെയ്യുന്നതിൽ ഏറ്റവും പുതിയ മുന്നേറ്റങ്ങളെക്കുറിച്ചും ശാസ്ത്ര സെഷനുകൾ ചർച്ച ചെയ്തു. കാൽമുട്ട് സംരക്ഷണ സാങ്കേതികതകളെക്കുറിച്ചും ശിൽപശാലകൾ നടന്നു.രണ്ടാം ദിവസം ഷോൾഡർ ആർത്രോപ്ലാസ്റ്റി, റൊട്ടേറ്റർ കഫ് റിപ്പയർ, അസ്ഥികളുടെ അസ്ഥിരത, മറ്റ് സങ്കീർണ്ണ അസ്ഥിരതകൾ , ഷോൾഡർ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള നിരവധി സെഷനുകൾ നടക്കും.

കേരള ഓർത്തോപീഡിക് സൊസൈറ്റിയുടെയും കാലിക്കറ്റ് ഓർത്തോപീഡിക് സൊസൈറ്റിയുടെയും പിന്തുണയോടെ നടക്കുന്ന സമ്മേളനത്തിൽ ഇരുപതിലധികം ദേശീയ ഫാക്കൾട്ടികളും ഗവേഷകരും വിദഗ്ധരും ഉൾപ്പെടെ മുന്നൂറോളം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

# മത്സ്യത്തൊഴിലാളി വനിതകൾക്കായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** മത്സ്യത്തൊഴിലാളി വനിതകളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) ന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. മത്സ്യത്തൊഴിലാളി ഫാമിലി രജിസ്റ്ററിൽ അംഗത്വമുള്ള മത്സ്യക്കച്ചവടം, പീലിങ്ങ്, മീൻ ഉണക്കൽ, മത്സ്യ സംസ്കരണം മേഖലകളിൽ ജോലി ചെയ്യുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പ്രവർത്തന മൂലധനത്തിനായി റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതിന് ഗ്രൂപ്പായി അപേക്ഷിക്കാം. ഒരു ഗ്രൂപ്പിൽ 5 പേർ വീതം ഉണ്ടായിരിക്കണം. പ്രായ പരിധി ഇല്ല. സാഫിൽ നിന്നും ജീവനോപാധി പദ്ധതികൾക്ക് ആനുകൂല്യം വാങ്ങിയിട്ടുള്ളവർ അപേക്ഷിക്കാൻ അർഹരല്ല. മത്സ്യക്കച്ചവടം ചെയ്യുന്നവർക്ക് മുൻഗണന ഉണ്ടായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പുകൾക്ക് 50000 രൂപ പലിശ രഹിത വായ്പയായി നൽകും. ഓരോ അംഗത്തിനും 10000 രൂപ വീതം ലഭിക്കും. സാഫ് ഫെസിലിറ്റേറ്റർമാർ മുഖേന ആഴ്ചയിൽ നിശ്ചിത തുക ഗ്രൂപ്പുകൾ തിരിച്ചടയ്ക്കണം. മുടക്കം കൂടാതെ തിരിച്ചടയ്ക്കുന്ന ഗ്രൂപ്പുകൾക്ക് തുടർന്നും റിവോൾവിംഗ് ഫണ്ട് ലഭിക്കും. അപേക്ഷകൾ ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, സാഫ് ജില്ലാ നോഡൽ ഓഫീസ്, മത്സ്യഭവനുകൾ സാഫിന്റെ വെബ്സൈറ്റ്, ഫിഷറീസ് വകുപ്പിന്റെ വെബ്സൈറ്റ് എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 31 ന് വൈകിട്ട് അഞ്ചു വരെ അതാത് മത്സ്യഭവനുകളിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9847871278, 7736680550, 8943837072, 9846738470

# സ്വച്ഛതാ പഖ്വാദ ക്യാമ്പയിൻ സമാപനം ഇന്ന്

**കൊച്ചി**: ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി പി സി എൽ) കൊച്ചി നഗരസഭയുമായി സഹകരിച്ചുകൊണ്ട് രണ്ടാഴ്ച നീണ്ടുനിന്ന 'സ്വച്ഛതാ പഖ്വാദ' ക്യാമ്പയിൻ നടത്തിയിരുന്നു. ആയതിന്റെ ഭാഗമായി വാക്കത്തോൺ, സ്കൂൾ കുട്ടികളുടെ ചിത്രരചന മത്സരം, സൈക്കിൾ റാലി, ക്ലീനിങ് ഡ്രൈവുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 'സ്വച്ഛതാ പഖ്വാദ' ക്യാമ്പയിന്റെ സമാപന ചടങ്ങ് ഇന്ന് സുഭാഷ് ബോസ് പാർക്കിലെ ആരാം ഹാളിൽ വച്ച് വൈകിട്ട് 3:00 മണിക്ക് നടക്കും.

# ആമസോൺ പ്രൈം ഡേയിൽ 3,200ലധികം പുതിയ ഉൽപ്പന്നനിരയുമായി ചെറുകിട ബിസിനസുകൾ

**കൊച്ചി:** ഈ മാസം 20, 21 തീയതികളിൽ നടക്കുന്ന ആമസോൺ പ്രൈം ഡേയിൽ ഗൃഹോപകരണങ്ങൾ, ഫാഷൻ, ആഭരണങ്ങൾ, കരകൗശലവസ്തുക്കൾ തുടങ്ങി 3,200ലധികം ഉല്പ്പന്നങ്ങൾ വിൽപ്പനക്കെത്തിക്കും.

ബെഹോമ, ഡ്രീം ഓഫ് ഗ്ലോറി, ഒറിക്ക സ്പൈസസ് തുടങ്ങിയ ബ്രാൻഡുകൾ അവരുടെ തനതുൽപ്പന്നങ്ങൾ ആമസോൺ വഴി രാജ്യത്തുടനീളം വിൽപ്പക്കെത്തിക്കും. ഉപഭോക്താക്കൾ കാത്തിരിക്കുന്ന ആമസോൺ ഡേയിൽ പതിനായിരക്കണക്കിന് ചെറുകിട ബിസിനസുകൾ പങ്കെടുക്കും.

ഇത്തരം ഷോപ്പിങ്ങിലൂടെ ചെറുകിട ഇടത്തരം ബിസിനസ്സുകൾക്ക് ഇകൊമേഴ്സിൻറെ സാധ്യത മനസ്സിലാക്കാനും അവരുടെ വിജയത്തിനുള്ള പുതിയ വഴികൾ തുറക്കാനും ഇന്ത്യയുടെ സാമ്പത്തിക വളർച്ചക്ക് സംഭാവന നൽകാൻ ഓൺലൈൻ വിപണിയെ സജ്ജമാക്കുകയാണ് ആമസോണിൻറെ ലക്ഷ്യമെന്ന് ആമസോൺ ഇന്ത്യ സെല്ലിംഗ് പാർട്ണർ സർവീസസ് ഡയറക്ടർ അമിത് നന്ദ പറഞ്ഞു.

പ്രൈം ഡേ തങ്ങൾക്ക് ഉപഭോക്താക്കളുമായി ഇടപെടുന്നതിന് മികച്ച അവസരമാണ് നൽകുന്നതെന്ന് ബഹോമയുടെ ഉടമ നിഖിൽ ജെയിൻ പറഞ്ഞു.

നൂതനവുമായ ഡിസൈനുകളിൽ വൈദഗ്ധ്യമുള്ള ഒരു ആധുനിക ഹോം ഡെക്കർ ബ്രാൻഡ് എന്ന നിലയിൽ മികവുറ്റ ഉൽപ്പന്നങ്ങൾ വിൽക്കാനൊരുങ്ങുകയാണ് തങ്ങളെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



# സൈക്കിൾ റാലി നടന്നു

**കൊച്ചി:** ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി പി സി എൽ) കൊച്ചി നഗരസഭയുമായി സഹകരിച്ചുകൊണ്ട് നടത്തുന്ന കേന്ദ്ര സർക്കാരിന്റെ 'സ്വച്ഛതാ പഖ്വാദ' ക്യാമ്പയിന്റെ ഭാഗമായുള്ള സൈക്കിൾ റാലി ഇന്നലെ നടന്നു.

ഷിസൈക്ലിങ്, ടി.ഡി സ്കൂൾ ബൈസൈക്കിൾ ബ്രിഗേഡ് എന്നിവരുമായി ചേർന്നാണ് സൈക്കിൾ റാലി സംഘടിപ്പിച്ചത്.രാവിലെ 7:30 ന് വേളി ദ്രോണാചാര്യയിൽ നിന്നും ആരംഭിച്ച സൈക്കിൾ റാലി കൊച്ചി നഗരസഭ ടാക്സ് അപ്പീൽ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ പ്രിയ പ്രശാന്ത്, കൗൺസിലർ അഡ്വ ആന്റണി കുരീത്തറ എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു.

ബ്രിട്ടോ സ്കൂൾ പോസ്റ്റ് ഓഫീസ് ചിൽഡ്രൻസ് പാർക്ക് എന്നീ സ്ഥലങ്ങളിലൂടെ സൈക്കിൾ റാലി ഫോർട്ട് കൊച്ചി വാസ്കോ ഡാ ഗാമ സ്ക്വയറിൽ അവസാനിച്ചു.





# സീക്രട്ട് 26ന്

തന്റെ രചനകളിലൂടെ സൂപ്പർഹിറ്റ് സിനിമകൾ സമ്മാനിച്ച എസ്.എൻ. സ്വാമി ആദ്യമായി സംവിധാനം ചെയ്യുന്ന സീക്രട്ട് ജൂലൈ 26ന് തിയേറ്ററുകളിലേക്കെത്തും. കൊച്ചിയിൽ നടന്ന സീക്രട്ടിന്റെ പ്രത്യേക പ്രദർശനത്തിന് ശേഷമാണ് നിർമ്മാതാവ് രാജേന്ദ്രപ്രസാദ് റിലീസ് തീയതി പ്രഖ്യാപിച്ചത്. പ്രദർശനം കാണാൻ ശ്രീനിവാസനും കുടുംബവും സംവിധായകൻ ജോഷി,ഷാജി കൈലാസ്, എ.കെ.സാജൻ, കൊച്ചി മേയർ അനിൽ കുമാർ, ഹൈബി ഈഡൻ എം പി, കെ ബാബു എം എൽ എ, കെ എൻ ഉണ്ണികൃഷ്ണൻ എം എൽ എ തുടങ്ങിയവർ എത്തിയിരുന്നു. മോട്ടിവേഷണൽ ഡ്രാമ ജോണറിൽ ഒരുങ്ങുന്ന ചിത്രമാണ് സീക്രട്ട്. ലക്ഷ്മി പാർവതി വിഷന്റെ ബാനറിൽ രാജേന്ദ്ര പ്രസാദാണ് സീക്രട്ടിന്റെ നിർമ്മാണം ധ്യാൻ ശ്രീനിവാസൻ, അപർണാ ദാസ്, ജേക്കബ് ഗ്രിഗറി, കലേഷ് രാമാനന്ദ്, ആർദ്രാ മോഹൻ, രഞ്ജിത്ത്, രഞ്ജി പണിക്കർ, ജയകൃഷ്ണൻ, സുരേഷ് കുമാർ, അഭിരാം രാധാകൃഷ്ണൻ, മണിക്കുട്ടൻ എന്നിവരാണ് സീക്രട്ടിലെ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.എസ്.എൻ സ്വാമി കഥയും തിരക്കഥയും ഒരുക്കി സംവിധാനം നിർവഹിക്കുന്ന സീക്രട്ടിന്റെ സംഗീത സംവിധാനം നിർവഹിക്കുന്നത് ജേക്സ് ബിജോയാണ്. ഡി.ഒ.പി ജാക്സൺ ജോൺസൺ, എഡിറ്റിങ് ബസോദ് ടി ബാബുരാജ്, ആർട്ട് ഡയറക്ടർ: സിറിൽ കുരുവിള, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: രാകേഷ്.ടി.ബി, പ്രൊഡക്ഷൻ കൺട്രോളർ അരോമ മോഹൻ, കോസ്റ്റ്യൂം: സ്റ്റെഫി സേവിയർ, മേക്കപ്പ്: സിനൂപ് രാജ്, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ: ശിവറാം, സൗണ്ട് ഡിസൈൻ: വിക്കി, കിഷൻ. അസ്സോസിയേറ്റ് ഡയറക്ടർ: വിഷ്ണു ചന്ദ്രൻ, ആക്ഷൻ ഡയറക്ടർ: ഫീനിക്സ് പ്രഭു, ഫൈനൽ മിക്സ്: അജിത് എ ജോർജ്, വി എഫ് എക്സ്: ഡിജിബ്രിക്ക്സ്, ഡി ഐ: മോക്ഷ, സ്റ്റിൽസ്: നവീൻ മുരളി, പബ്ലിസിറ്റി ഡിസൈനർ: ആന്റണി സ്റ്റീഫൻ, പി ആർ ഓ: പ്രതീഷ് ശേഖർ.

# പഞ്ചായത്ത് ജെട്ടി




സപ്തത രംഗ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ഇൻ അസോസിയേഷൻ വിത്ത് ഗോവിന്ദ് ഫിലിംസിന്റെ ബാനറിൽ മറിമായം താരങ്ങളായ മണികണ്ഠൻ പട്ടാമ്പി,സലിം ഹസ്സൻ എന്നിവർ ചേർന്ന് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന പഞ്ചായത്ത് ജെട്ടി എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി. ജൂലായ് ഇരുപത്തിയാറിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ മണികണ്ഠൻ പട്ടാമ്പി,സലിം ഹസ്സൻ,നിയാസ് ബക്കർ,വിനോദ് കോവൂർ,ഉണ്ണിരാജ്, മണി ഷൊർണ്ണൂർ, റിയാസ്,രാഘവൻ, സജിൻ,സെന്തിൽ, അരുൺ പുനലൂർ, ആദിനാട് ശശി,ഉണ്ണി നായർ,രചന നാരായണൻകുട്ടി, സ്നേഹശ്രീകുമാർ, വീണാ നായർ,രശ്മി അനിൽ,കുളപ്പുള്ളി ലീല,സേതുലക്ഷ്മിയമ്മ,ഷൈനി സാറ,പൗളി വിത്സൻ കൂടാതെ അമ്പതിലധികം നടീനടന്മാരും പഞ്ചായത്ത് ജെട്ടിയിൽ അഭിനയിക്കുന്നു.ക്രിഷ് കൈമൾ ഛായാഗ്രഹണം നിർവഹിക്കുന്നു.സന്തോഷ് വർമ്മ എഴുതിയ വരികൾക്ക് രഞ്ജിൻ രാജ് സംഗീതം പകരുന്നു.എഡിറ്റിംഗ് ശ്യാം ശശീധരൻ,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർപ്രേം പെപ്കോ,ബാലൻ കെ മങ്ങാട്ട്,പ്രൊഡക്ഷൻ കൺട്രോളർബാബുരാജ് മനിശ്ശേരി,ആർട്ട്സാബു മോഹൻ,മേക്കപ്പ്ഹസ്സൻ വണ്ടൂർ, കോസ്റ്റ്യൂം ഡിസൈനർ അരുൺ മനോഹർ,സ്റ്റിൽസ്സലീഷ് പെരിങ്ങോട്ടുകര, പരസ്യക്കലയെല്ലോ ടൂത്ത്സ്,സൗണ്ട് ഡിസൈൻ അരുൺ വർമ്മ,ചീഫ് അസോസിയേറ്റ് ഡയറക്ടർരാജേഷ് അടൂർ,പ്രൊഡക്ഷൻ എക്സിക്യൂട്ടിവ് പ്രഭാകരൻ കാസർക്കോട്, പ്രൊഡക്ഷൻ മാനേജർ അതുൽ.സമകാലിക സംഭവങ്ങളെ വിശകലനം ചെയ്ത് തനതായ ശൈലിയിൽ നർമ്മത്തോടെ വിലയിരുത്തി അവതരിപ്പിച്ച് കൊണ്ട് വർഷങ്ങളായി പ്രേക്ഷക ഹൃദയങ്ങൾ കീഴടക്കിയ മറിമായം പരമ്പരയിലെ എല്ലാ താരങ്ങളും അഭിനയിക്കുന്ന ചിത്രമാണ് പഞ്ചായത്ത് ജെട്ടി.പിആർ ഒ എ എസ് ദിനേശ്.




# ഫൂട്ടേജ്

സൈജു ശ്രീധരൻ ആദ്യമായി സംവിധാനം ചെയ്ത് അനുരാഗ് കശ്യപ് അവതരിപ്പിക്കുന്ന ചിത്രം ഫൂട്ടേജിന്റെ ട്രെയ്‌ലെർ റിലീസായി. ചിത്രം പ്രേക്ഷകരിലേക് എത്തിക്കുന്നത് മാർട്ടിൻ പ്രകാട്ട് ഫിലംസ് ആണ്. മഞ്ജു വാരിയർ, വിശാഖ് നായർ, ഗായത്രി അശോക് തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. മൂവി ബക്കറ്റ്, കാസ്റ്റ് ആൻഡ് കോ, പെയിൽ ബ്ലൂ ഡോട്ട് പിക്ചേഴ്സ് എന്നിവയുടെ ബാനറിൽ ബിനീഷ് ചന്ദ്രൻ, സൈജു ശ്രീധരൻ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നു.

കോ പ്രൊഡ്യൂസർ രാഹുൽ രാജീവ്, സൂരജ് മേനോൻ, ലൈൻ പ്രൊഡ്യൂസർ അനീഷ് സി സലിം. ഷബ്ന മുഹമ്മദ്, സൈജു ശ്രീധരൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു, ഛായാഗ്രഹണം ഷിനോസ്, എഡിറ്റർ സൈജു ശ്രീധരൻ, പ്രൊഡക്ഷൻ കൺട്രോളർ കിഷോർ പുറക്കാട്ടിരി, കലാസംവിധാനം അപ്പുണ്ണി സാജൻ, മേക്കപ്പ് റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം സമീറ സനീഷ്, സ്റ്റിൽസ് രോഹിത് കൃഷ്ണൻ, സ്റ്റണ്ട് ഇർഫാൻ അമീർ, വി എഫ് എക്സ് മിൻഡ്സ്റ്റിൻ സ്റ്റുഡിയോസ്, പ്രൊമൈസ് സ്റ്റുഡിയോസ്, ഡി ഐ കളർ പ്ലാനറ്റ് സ്റ്റുഡിയോസ്, കളറിസ്റ്റ് രമേശ് സി പി, ഫിനാൻസ് കൺട്രോളർ അഗ്നിവേശ്,സൗണ്ട് ഡിസൈൻനിക്സൺ ജോർജ്, സൗണ്ട് മിക്സ് സിനോയ് ജോസഫ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ പ്രിനിഷ് പ്രഭാകരൻ,അസോസിയേറ്റ് എഡിറ്റർ ആൾഡ്രിൻ ജൂഡ്, ഗാനങ്ങൾ ആസ്വെകീപ്സെർച്ചിംഗ്, പോസ്റ്റേഴ്സ് എസ്തറ്റിക് കുഞ്ഞമ്മ, പി ആർ ഒ എ.എസ് ദിനേശ്, ശബരി, മാർക്കറ്റിംഗ് ഹൈറ്റ്സ്.

# ഗുലാൻ തട്ടുകട തുടങ്ങുന്നു

എം ജെ സിനിമാസ്, വി ഫ്രണ്ട്സ് പ്രൊഡക്ഷൻസ് എന്നിവയുടെ ബാനറിൽ കെ എച്ച് അബ്ദുള്ള നിർമിച്ച് മുന്നാ ഇഷാൻ കഥ എഴുതി സംവിധാനം ചെയ്യുന്ന ഗുലാൻ തട്ടുകട എന്ന ചിത്രത്തിന്റെ പൂജാ കർമ്മം എറണാകുളം മെർമെയ്ഡ് ഹോട്ടലിൽ വെച്ച് നടന്നു.

പൂർണമായും കോമഡി എന്റർറ്റൈനറായി ഒരുക്കുന്ന ഈ ചിത്രത്തിൽ ഗുലാൻ എന്ന കഥാപാത്രമായി പ്രമുഖ ഷെഫ് സുരേഷ്പിള്ള എത്തുന്നു. ഷഹീൻ സിദ്ധിക്ക്,സുധീർ കരമന, ജാഫർ ഇടുക്കി,തമിഴ് നടൻ ജി മാരിമുത്തു, കുഞ്ചൻ,വിജയകുമാർ, ഡ്രാക്കുള സുധീർ,ദിനീഷ് , സാജൻ പള്ളുരുത്തി, സാജു കൊടിയൻ,സഞ്ജു ഭായ്,സുദർശനൻ ആലപ്പി,ബിനു കുട്ടൻ തുടങ്ങിയവരാണ് പ്രധാന അഭിനേതാക്കൾ. മേജർ രവി,ബാല തുടങ്ങിയവർ അതിഥി താരങ്ങളായി പ്രത്യക്ഷപ്പെടുന്നു. നായിക പുതുമുഖമാണ്.ടോൺസ് അലക്സ് ഛായാഗ്രഹണം നിർവഹിക്കുന്നു.സന്തോഷ് വർമ്മയുടെ വരികൾക്ക് ഷഫീഖ് അഹമ്മദ് ഈണം പകരുന്നു.സഹ നിർമ്മാണം അനൂപ്, ടി പി ജയലക്ഷ്മി.പ്രൊഡക്ഷൻ കൺട്രോളർസുനിൽ പേട്ട,ആർട്ട്ഷിജു അടൂർ,വസ്ത്രലങ്കാരം ആന്റണി വൈറ്റില, മേക്കപ്പ്രതീഷ് അമ്പാടി, സ്റ്റിൽസ് അമൽ ധ്രുവ,ഡിസൈൻഇമേജനറി ട്രീ സ്റ്റുഡിയോസ്, അസോസിയേറ്റ് ഡയറക്ടർനഹാസ് ആർകെ, ആക്ഷൻഅഷറഫ് ഗുരുക്കൾ,പി ആർ ഒഎ എസ് ദിനേശ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഇന്ത്യയെ പ്രമേഹരഹിതമക്കാൻ ഇളം പ്രായത്തിലേ ശ്രദ്ധിക്കണമെന്ന് വിദഗ്ധർ

## ആഗോള പ്രമേഹരോഗ കൺവെൻഷൻ കോവളത്ത് സമാപിച്ചു

**തിരുവനന്തപുരം:** രാജ്യത്തെ ടൈപ്പ് 1 പ്രമേഹ ബാധിതരായ കുട്ടികൾക്ക് ഇൻസുലിൻ പമ്പുകൾ, ഗ്ലോക്കോസ് മോണിട്ടറിംഗ് ഉപകരണങ്ങൾ തുടങ്ങിയ ജീവൻരക്ഷാ ഉപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കാനാവശ്യമായ നയപ്രഖ്യാപനം ആവശ്യമാണെന്ന് ഇന്ത്യയ്ക്കകത്തും പുറത്തുനിന്നുമെത്തിയ ഡയബറ്റീസ് വിദഗ്ധരും ഗവേഷകരും ആവശ്യപ്പെട്ടു. പ്രമേഹവുമായി ബന്ധപ്പെട്ട ദീർഘകാല സങ്കീർണതകൾ ഒഴിവാക്കാൻ യഥാസമയത്ത് സാമ്പത്തിക പിന്തുണ ലഭ്യമാക്കേണ്ടത് ഏറെ നിർണായകമാണെന്നും അവർ ചൂണ്ടിക്കാണിച്ചു. രണ്ടു ദിവസമായി കോവളത്ത് നടന്നു വരുന്ന ആഗോള പ്രമേഹരോഗ കൺവെൻഷനിൽ നടന്ന വിവിധ സെഷനുകളിലാണ് ഈ പൊതുആവശ്യം ഉയർന്നത്. ഇന്ത്യയിൽ 8.6 ലക്ഷത്തിലേറെപ്പേർ ടൈപ്പ് 1 പ്രമേഹബാധിതരാണ്. ഇതേ കാരണത്താൽത്തന്നെ വളരെ ചെറിയ പ്രായം മുതൽ സമഗ്രമായ ആരോഗ്യരക്ഷാ വിദ്യാഭ്യാസം നൽകേണ്ടത് ഏറെ പ്രധാനമാണ്.

അഞ്ചാം ക്ലാസ് മുതൽ പ്രമേഹം പാഠ്യവിഷയമാക്കണം. ഒരു പ്രാവശ്യം മാത്രം നടത്തേണ്ടതല്ല പ്രമേഹ ബോധവൽക്കരണമെന്നും അത് തുടർച്ചയായി നടത്തേണ്ടതുണ്ടെന്നും കൺവെൻഷൻ ഓർഗനൈസിംഗ് സെക്രട്ടറി ഡോ. ജ്യോതിദേവ് കേശവദേവ് പറഞ്ഞു.

വെള്ളിയാഴ്ച ആരംഭിച്ച കൺവെൻഷന്റെ ഔപചാരിക ഉദ്ഘാടനം എട്ടു രാജ്യങ്ങളിൽ നിന്നായെത്തിയ 160ഓളം പ്രമേഹരോഗ വിദഗ്ധരുടെ സാന്നിധ്യത്തിൽ പൂയം തിരുനാൾ ഗൗരി പാർവതിഭായി നിർവഹിച്ചു. 1500ലേറെ ഡോക്ടർമാരാണ് കൺവെൻഷനിൽ പങ്കെടുക്കുന്നത്.

ദക്ഷിണേന്ത്യയിൽ ടൈപ്പ് 2 പ്രമേഹരോഗികളുടെ എണ്ണം വർധിച്ചു വരുന്നതായി കൺവെൻഷനിൽ ഉദ്ധരിക്കപ്പെട്ട കണക്കുകൾ സൂചിപ്പിക്കുന്നു. 20നും 30നും ഇടയ്ക്ക് പ്രായമുള്ളവർക്കിടിയിലാണ് ഇത് വർധിക്കുന്നതെന്ന് ദി ജേർണൽ ഓഫ് ഡയബറ്റീസിൽ പ്രസിദ്ധീകരിച്ച പഠനത്തിൽ നിന്നുള്ള കണക്കുകൾ ഉദ്ധരിച്ച് ചെന്നൈയിൽ നിന്നു വന്ന ഡോ. നന്ദ അരുൺ പറഞ്ഞു. 2006ലെ 4.5%ൽ നിന്ന് 2016ൽ എത്തിയപ്പോൾ ടൈപ്പ് 2 രോഗികളുടെ എണ്ണം 7.5% ആയി. 40ന് മുകളിലുള്ളവരിൽ ഇത് 28.4%ൽ നിന്ന് 34% ആയാണ് വർധിച്ചത്. രണ്ടാം ദിവസം വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. ത്രിദിന ആഗോള ഡയബറ്റീസ് കൺവെൻഷനായ ജ്യോതിദേവ്സ് പ്രൊഫഷണൽ എഡ്യുക്കേഷൻ ഫോറം ഡയബറ്റീസ് അപ്ഡേറ്റ് 2024ന്റെ ഈ പന്ത്രണ്ടാം പതിപ്പ് സമാപിച്ചു.



എം. ജെ.എസ്.എസ്.എ മൂവാറ്റുപുഴ മേഖല അധ്യാപക സെമിനാർ ഉദ്ഘാടനം നിർവഹിച്ച് കോതമംഗലം മേഖല മെത്രാപ്പോലീത്ത ഏലിയാസ് മാർ യൂലിയാസ് 40 വർഷം പിന്നിട്ട അധ്യാപകരെ അനുമോദിക്കുന്നു.

# അധ്യാപക സെമിനാറും അനുമോദനവും

**മൂവാറ്റുപുഴ :** മലങ്കര യാക്കോബായ സിറിയൻ സൺഡേ സ്കൂൾ അസോസിയേഷൻ മൂവാറ്റുപുഴ മേഖല അധ്യാപക സെമിനാറും 40 വർഷം സർവീസ് പൂർത്തിയാക്കിയ സൺഡേ സ്കൂൾ അധ്യാപകരെയും, എം.ജെ.എസ്.എസ്.എയിൽ ബെസ്റ്റ് സൺഡേ സ്കൂൾ ആയി തിരഞ്ഞെടുത്ത സൗത്ത് മാറാടി സെന്റ് മേരീസ് സൺഡേ സ്കൂളിനെയും, കോതമംഗലം മേഖല മെത്രാപ്പോലീത്ത അഭി. ഏലിയാസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത അനുമോദിച്ച്

യോഗം ഉദ്ഘാടനം നിർവഹിച്ചു. സൺഡേ സ്കൂൾ അധ്യാപകർ സമൂഹത്തിന് മാതൃകയായി പ്രവർത്തിക്കണമെന്ന് മെത്രാപ്പോലീത്ത ഓർമിപ്പിച്ചു. വികാരി ഫാദർ ശിതിൻ രാജു അധ്യക്ഷത വഹിച്ചു. ജോർജ് മാന്തോട്ടം കോർ എപ്പിസ്കോപ്പ മുഖ്യപ്രഭാഷണം നടത്തി. ഫാദർ ജോർജ് കുരിയൻ, അങ്കമാലി ഭദ്രാസന സെക്രട്ടറി എൻ. സി.പൗലോസ്, മേഖല ഡയറക്ടർ കുര്യൻ വർഗീസ്, സെക്രട്ടറി പോൾ സി. വർഗീസ്, ഇൻസ്പെക്ടർ സജി പൗലോസ്, ചിന്നമ്മ ബേബി എന്നിവർ പ്രസംഗിച്ചു.

# കേരള സോപ്സ് എട്ട് സോപ്പുകൾ വിപണിയിലിറക്കി

**കൊച്ചി:** സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡിന്റെയൂണിറ്റായ കേരളാ സോപ്പ്സ് നിർമ്മിക്കുന്ന പ്രീമിയം ഉത്പന്നങ്ങൾ ഗൾഫ് രാജ്യങ്ങളിലേക്ക് നടത്തുന്ന കയറ്റുമതിയുടെ ഔദ്യോഗിക ഉദ്ഘാടനം മന്ത്രി ശ്രീ പി രാജീവ് നിർവഹിച്ചു. ഇതിനു പുറമെ കേരള സോപ്സ് വിപണിയിലിറക്കുന്ന എട്ട് പുതിയ ഉത്പന്നങ്ങളുടെ വിതരണോദ്ഘാടനവും മന്ത്രി നടത്തി.കേരള സോപ്സിന്റെ ഉത്പന്നങ്ങൾ ലോകവിപണിയിലേക്കെത്തുന്നുവെന്നത് അഭിമാനകരമായ നിമിഷമാണെന്ന് രാജീവ് പറഞ്ഞു. പുതിയ ഉത്പന്നങ്ങളായ കേരള സാൻഡൽ ശ്രേണിയിൽപ്പെട്ട ലിക്വിഡ് ഹാൻഡ് വാഷ്, 'വാഷ് വെൽ ഡിറ്റർജൻറ് , 'ക്ലീൻവെൽ ഫ്ളോർ ക്ലീനർ', 'ഷൈൻ വെൽ ഡിഷ് വാഷ്' കൂടാതെ പുതിയ ടോയ്ലറ്റ് സോപ്പുകളായ 'കോഹിനൂർ സാൻഡൽ ടർമെറിക് , 'ത്രിൽ ലാവെൻഡർ', 'ത്രിൽ റോസ്', 'ത്രിൽ വൈറ്റ്' എന്നിവയുടെ വിതരണോദ്ഘാടനമാണ് നടന്നത്.

ചടങ്ങിൽവൈപ്പിൻ എം എൽ എ കെ എൻ ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു.



കൊച്ചി മേയർ എം അനിൽകുമാർ കെഎസ്ഐഇ ചെയർമാൻ പീലിപ്പോസ് തോമസ്,വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, മുളവുകാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് വി എസ് അക്ബർ, കസ്റ്റംസ് കളക്ടർ കെ പത്മാവതി, അഡി. ഡിജി ഫോറിൻ ട്രേഡ് കൊച്ചി ഡി ശ്രീധർ, മെർച്ചൻറ് എക്സ്പോർട്ടർ സുഭാഷ് കണ്ണമ്പിള്ളിൽ, വിദേശ വിതരണക്കാരായ മുഹമ്മദ് അൻസാർ, സയ്യിദ് അബ്ദുർ റഹ്മാൻ, മെഹബൂബ് സി, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ കെ അജിത് കുമാർ, എഫ്ഐഇഒ അസി. ഡയറക്ടർ രാജീവ് എംസി, കെഎസ്ഐഇ മാനേജിങ് ഡയറക്ടർ ജി രാജീവ് തുടങ്ങിയവരും സംബന്ധിച്ചു.

